**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*455 — 18.11.2019 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ്<br>ശ്രീ.മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ എന്നാണ് നിലവിൽ വന്നത്; സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ആരോഗ്യ വകുപ്പിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ 1961 ലാണ് നിലവിൽ വന്നത്. ആരോഗ്യരംഗം ആധുനിക വൽക്കരിക്കപ്പെടുകയും നൂതനമായ ചികിത്സാ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തെങ്കിലും സമഗ്രമായി സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിരുന്നില്ല. 2008 ൽ സ്റ്റാഫ് പാറ്റേണിൽ ചില ഭേദഗതികൾ വരുത്തുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം മിഷന്റെ ഭാഗമായി വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേൺ ഉയർത്തിക്കൊണ്ട് സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ആദ്യ ഘട്ടത്തിൽ എഫ്.എച്ച്.സി.ആയി ഉയർത്തിയ 170 കേന്ദ്രങ്ങളിൽ ഒരു ഡോക്ടറുടെയും, രണ്ട് സ്റ്റാഫ് നഴ്സിന്റെയും, ഒരു ലാബ് ടെക്നീഷ്യന്റെയും വീതവും 150 കേന്ദ്രങ്ങളിൽ ഒരു ഫാർമസിസ്റ്റിന്റെയും അധിക തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. രണ്ടാം ഘട്ടത്തിലേക്ക് തിരഞ്ഞെടുത്ത 504 കേന്ദ്രങ്ങളിലേക്ക് ഡോക്ടർമാരുടെയും, സ്റ്റാഫ് നഴ്സിന്റെയും, ലാബ് ടെക്നീഷ്യന്റെയും ആയി 1000 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി മുഴുവൻ പി.എച്ച്.സി.കളെയും എഫ്.എച്ച്.സി ആയി മാറ്റാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ആരോഗ്യ വകുപ്പിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നത്. എന്നിരുന്നാലും നിലവിൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആർദ്രം മിഷൻ മുഖേന ഓരോ സ്ഥാപനത്തിലും ഉണ്ടായിരിക്കേണ്ട തസ്തികകളെയും സേവനങ്ങളെയും സംബന്ധിച്ച് നിശ്ചിതമാനദണ്ഡം തീരുമാനിക്കുകയും ടി മാനദണ്ഡമനുസരിച്ചുള്ള തസ്തികകൾ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട |

| | | | |
|---|---|---|---|
| | | | ജനറൽ/ജില്ലാ/താലൂക്കാശുപത്രികളിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയിലുൾപ്പെടുത്തി വിവിധ ജനറൽ/ജില്ലാ/താലൂക്കാശുപത്രികളിലായി 891 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5188 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം താലൂക്ക് ആശുപത്രികളിൽ കൂടി സ്ഥിരമായി ഏർപ്പെടുത്തിയാൽ മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും തിരക്ക് കുറയ്ക്കാൻ കഴിയുമെന്നതിനാൽ ആയതിന് നടപടി സ്വീകരിക്കുമോ; | (ബി) | ആർദ്രം മിഷൻ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരുടെ തസ്തികകൾ സ്ഥിരമായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഓരോ ജില്ലയിൽ നിന്നും രണ്ട് താലൂക്കാശുപത്രികളെ വീതം മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിലുള്ള എല്ലാ താലൂക്കാശുപത്രികളിലും മിനിമം നിലവാരത്തിലുള്ള സ്പെഷ്യാലിറ്റി തസ്തികകൾ നിലവിലുണ്ട്. |
| (സി) | ആശുപത്രികളിൽ ലഭ്യമാക്കിവരുന്ന ആധുനിക മെഡിക്കൽ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാൻ പ്രാപ്തിയുള്ള ഉദ്യോഗാർത്ഥികളെ സ്ഥിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ; ആയതിലേയ്ക്കായി സ്ഥിര തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ പ്രസ്തുത വിഭാഗം തസ്തികകളും ഉൾപ്പെട്ടിട്ടുണ്ട്.<br><br>പി.എസ്.സി.മുഖാന്തിരം നിശ്ചിത യോഗ്യതയുള്ള ടെക്നീഷ്യൻമാരാണ് സർക്കാർ മെഡിക്കൽ കോളേജുകളിലെ ആധുനിക മെഡിക്കൽ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നത്. അത്യാവശ്യ ഘട്ടങ്ങളിൽ യോഗ്യതയുള്ള ടെക്നീഷ്യന്മാരെ ആശുപത്രി വികസന സമിതികൾ മുഖാന്തിരം താത്കാലികമായി നിയമിച്ച് ഉപകരണങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തി വരുന്നു. |

Hari

സെക്ഷൻ ഓഫീസർ